# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ . 2983** **21.06.2013 - ലെ മറുപടിക്ക്**

## കേന്ദ്ര ആസൂത്രണ കമ്മീഷന്റെ പരിസ്ഥിതി പാലന റിപ്പോർട്ട്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ: | | | **ശ്രീ. കെ.സി. ജോസഫ്** (ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| (എ) | കേന്ദ്ര ആസൂത്രണ കമ്മീഷന്റെ പുതിയ പരിസ്ഥിതി പാലന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ട് പ്രകാരം പരിസ്ഥിതി പാലനത്തിൽ കേരളം എത്രാമത് സ്ഥാനത്താണെന്ന് വ്യക്തമാക്കാമോ; | (ബി) | റിപ്പോർട്ട് പ്രകാരം 2012 ൽ കേരളം 14 ാം സ്ഥാനത്താണ്. |
| (സി) | 2010, 2011 വർഷങ്ങളിൽ പരിസ്ഥിതി പാലനത്തിൽ കേരളം എത്രാമത് സ്ഥാനത്തായിരുന്നുവെന്ന് വ്യക്തമാക്കാമോ; | (സി) | 2010,2011 വർഷങ്ങളിലെ റിപ്പോർട്ടുകൾ ലഭിച്ചിട്ടില്ല. |
| (ഡി) | ജലശുദ്ധി, മാലിന്യം, വനം, ആരോഗ്യം തുടങ്ങിയ മേഖലകൾ പരിപാലിക്കുന്നതിൽ ഈ സർക്കാർ പരാജയപ്പെട്ടിട്ടുണ്ടോ; പരിസ്ഥിതി പാലനത്തിൽ കേരളം പിന്നോട്ട് പോയിട്ടുണ്ടെങ്കിൽ ആയത് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ഡി) | വായു മലനീകരണം, വനം, ജല ഗുണ നിലവാരം, വേസ്റ്റ് മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം എന്നിങ്ങനെ അഞ്ച് മേഖലകളിലായി 16 സൂചകങ്ങളെ ആധാരമാക്കിയാണ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. റിപ്പോർട്ട് അവലോകനം ചെയ്യുന്നതിനായി 05/02/2013ൽ ബഹു. മുഖ്യമന്ത്രി ഒരു യോഗം വിളിച്ചു കൂട്ടുകയും, സംസ്ഥാനത്തിന്റെ നില മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ഒരു 15 അംഗ സമിതി രൂപീകരിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. (ജി.ഒ.(ആർറ്റി) നമ്പർ 38/2013/പരി തീയതി 02/03/2013) സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. |

**സെക്ഷൻഓഫീസർ.**